## പതിമൂന്നാം കേരള നിയമസഭ
## 10-ാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 518 — 07/01/2014 ൽ മറുപടിയ്ക്ക്

## പഴയകുന്നുമ്മൽ ഗ്രാമ പഞ്ചായത്തിലെ ഇലക്ട്രിക്കൽ ശ്മശാനം സംബന്ധിച്ച റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പ് മന്ത്രി. |
| (എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പൊതു ഇലക്ട്രിക്ക് ശ്മശാന നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തിരുവനന്തപുരം ജില്ലാ കളക്ടർ മലിനീകരണ നിയന്ത്രണ ബോർഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) റിപ്പോർട്ടിലെ വിവരങ്ങൾ വിശദമാക്കാമോ? | (സി) മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

ശ്മശാനം സ്ഥാപിക്കുന്ന സ്ഥലത്ത് നിന്നും അടുത്ത വീട്ടിലേക്കുള്ള ദൂരം 48.50 മീറ്റർ ആണ്. ആയതിനാൽ ടി സ്ഥലത്ത് ശ്മശാനം സ്ഥാപിക്കാവുന്നതാണ്. ശ്മശാനം സ്ഥാപിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ കൂടി പാലിക്കേണ്ടതുണ്ട്.

1. വൈദ്യുത ശ്മശാനത്തോട് അനുബന്ധമായി 30 മീറ്റർ ഉയരത്തിൽ ചിമ്മിനി സ്ഥാപിക്കണം.
2. ചിമ്മിനിയിലൂടെ മലിനവായു കടത്തിവിടുന്നതിന് മുമ്പായി വായു ശുദ്ധീകരിക്കുന്നതിന് സ്ക്രബർ സംവിധാനം ഏർപ്പെടുത്തണം.
3. ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടണം.
4. ശുദ്ധീകരിച്ച വായുവിലെ പർട്ടിക്കുലേറ്റുമാറ്ററിന്റെ (Pm) അളവ് 100 $\mu g/m^3$ ആയിരിക്കണം.
5. ബോർഡിൽ നിന്നും സ്ഥാപനാനുമതി പത്രവും (കൺസന്റ് ടു എസ്റ്റാബ്ലിഷ്) പ്രവർത്തനാനുമതി പത്രവും (കൺസന്റ് ടു ഓപ്പറേറ്റ്) കരസ്ഥമാക്കണം.

സെക്ഷൻ ഓഫീസർ

4/